ഓം ശ്രീഗുരവേ നമഃ




**ഗുരുദർശനം പുണ്യം**
**വന്ദനം പാപനാശനം**
**വിശ്വാസം കോടി തീർത്ഥംച**
**അനുഗ്രഹം മോക്ഷ കാരണം**
*(ശ്രീ ഗുരുദർശനം 16-08-1961)*




# ഭാരതത്തിന്റെ മതം

**(കെ.എം.വിശ്വംഭരൻ)**

(1982 ഫെബ്രുവരി ധർമ്മകാഹളം മാസിക)

**("ഭാരതത്തിന് ഒരു മതമുണ്ട്. പ്രവാചകനുമുണ്ട്. മതഗ്രന്ഥവുമുണ്ട്" എന്നു വ്യക്തമാക്കുകയാണ് ഈ ലേഖനത്തിൽ. നിർമ്മതന്മാരായ മതേതരപക്ഷക്കാർ, സശ്രദ്ധം വായിക്കട്ടെ.)**

സർക്കാർ തലത്തിൽ ശാസ്ത്രത്തിന്റെ പേരിൽ വിദ്യാലയങ്ങളിൽ പ്രദർശനങ്ങളും തെരുവീഥികളിൽ റാലികളും, നാൽക്കവലകളിൽ നാടകങ്ങളും സംഘടിപ്പിക്കുന്നത് ജനങ്ങളുടെ അന്ധവിശ്വാസങ്ങളകറ്റി വിജ്ഞാനം പകരുന്നതിനുപകരിക്കുന്നു. ജനങ്ങളെ ശാസ്ത്രത്തിന്റെ നേട്ടങ്ങളെക്കുറിച്ച് ബോധവാന്മാരാക്കേണ്ടതാണ്. എന്നാൽ ഭൗതിക ശാസ്ത്രം മാത്രമെ ഇന്നു ഇപ്രകാരം പ്രചരണോപാധികളാക്കുന്നുള്ളൂ. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലുത് സ്വന്തം ജീവിതം തന്നെയാണ്. ജീവിതമാണ് മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നത്. എങ്ങനെ ജനിച്ചു എങ്ങനെ മരിച്ചു എന്നു നോക്കിയല്ല, പ്രത്യുത എങ്ങനെ ജീവിച്ചു എന്നുള്ളതിലാണ് മനുഷ്യമഹത്വം നിലനിൽക്കുന്നത്.

ജീവിതം എങ്ങനെയെളുപ്പം സുഖസമ്പൂർണ്ണമാക്കിത്തീർക്കാം? ആരാണ് മനുഷ്യൻ? അവന്റെ ജീവിതലക്ഷ്യമെന്ത്? ജീവിതത്തിൽ വിജയവും ഐശ്വര്യവും കൈവരുവാൻ അവൻ ആചരിക്കേണ്ടതും വർജ്ജിക്കേണ്ടതുമായ കർമ്മങ്ങളേവ? ഇത്യാദി ജീവിത സംബന്ധികളായ അത്യന്തം ഗൗരവ സംഗതികളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കിത്തീർക്കുവാൻ യാതൊരു പദ്ധതിയും നടപ്പിലാക്കുവാൻ സർക്കാർ ഇന്നുമുതിരുന്നില്ല.

കേവലം പാഞ്ചഭൗതികമായ ശരീരം മാത്രമല്ല മനുഷ്യൻ. അവന് ഒരാത്മാവുണ്ട്. ദേഹവും ദേഹിയുമുണ്ട്. ക്ഷരവും അക്ഷരവും ക്ഷരം നശിക്കുന്നതും, അക്ഷരം നശിക്കാത്തതുമാണ്. ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ പഞ്ചഭൂതങ്ങളടങ്ങിയതാണ് ഭൂമിയിലെ സർവ്വ ചരാചരങ്ങളും. ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാം പഞ്ചഭൂതാത്മകമാണ്. ആത്മാവില്ലെങ്കിൽ പ്രപഞ്ചം കേവലം ജഡമത്രെ. ജഡത്തെ ചലിപ്പിക്കുന്ന പ്രവർത്തന ക്ഷമമാക്കുന്ന - ശക്തി നൽകുന്ന ചൈതന്യ വിശേഷമാണ് ആത്മാവ്. ആത്മാവ് വസ്തു നിഷ്ഠമല്ല. അതിനാൽ പരീക്ഷണ നിരീക്ഷണങ്ങൾക്കു വിധേയമല്ല. ഈ സത്യം തപസ്സുകൊണ്ട് അഥവാ ഏകാഗ്രമായ മനനംകൊണ്ട് അഥവാ പരിശുദ്ധമായ ജീവിതം കൊണ്ട് സാക്ഷാത്ക്കരിക്കേണ്ടതാണ്. വാദം കൊണ്ടോ തർക്കം കൊണ്ടോ ഇതിനെ അറിയാൻ സാദ്ധ്യവുമല്ല. ആത്മാവിനെ അറിയുവാൻ - സത്യത്തെ സാക്ഷാത്ക്കരിക്കുവാൻ മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരം കൊണ്ടും ആത്മാർത്ഥമായി പരിശ്രമിക്കണം. ഗുരുവില്ലാതെ ആത്മജ്ഞാനം നേടാൻ കഴിയുകയില്ല. ഗുരുവിനെ കൂടാതെ ആത്മ ജ്ഞാനത്തിനു മുതിരുന്നവൻ ഒന്നുകിൽ ഭ്രാന്തനോ അല്ലെങ്കിൽ നിരീശ്വരവാദിയോ ആയിരിക്കും.

ആത്മാവ് ശരീരത്തിൽ നിലനിൽക്കുന്ന കാലം വരെ മാത്രമെ വ്യക്തിത്വം ഉള്ളൂ. സത്തായ

ഈ ശക്തി വിശേഷം ശരീരത്തിൽ നിന്നും വേർപെട്ടുപോകുമ്പോൾ ചത്തുപോയി എന്നു പറയുന്നു. അതായത് സത്തായിട്ടുള്ളത് പോയി എന്നർത്ഥം. മനുഷ്യനു വ്യക്തിത്വമുള്ളതു പോലെ ഓരോ ദേശത്തിനുമുണ്ട് അതിന്റേതായ വ്യക്തിത്വം. ഈ വ്യക്തിത്വം ഉള്ള ദേശത്തിന് മാത്രമെ നിലനിൽപ്പുള്ളൂ. ഭാരതത്തിനുമുണ്ട് അതിന്റേതായ വ്യക്തിത്വം"ധർമ്മോസ്മത് കുല ദൈവതം" എന്നതാണ് ഭാരതത്തിന്റെ പ്രമാണവാക്യം. ഓരോത്തർക്കും അവനവന്റേതായ സ്വധർമ്മമുണ്ട്. വ്യക്തിക്ക് സ്വധർമ്മാചരണത്തിലൂടെ മാത്രമെ ശാന്തി ലഭിക്കൂ! രാഷ്ട്രത്തിനും ഇതു ബാധകമാണ്. ബൃഹത്തായ ഒരു വ്യക്തി എന്ന സ്ഥിതിയിൽ ഭാരതത്തിനും അതിന്റേതായ സ്വധർമ്മമുണ്ട്.

ആദ്ധ്യാത്മികതയുടെ അടിത്തറയിലാണ് മഹാഭാരതം പടുത്തുയർത്തിയിരിക്കുന്നത്. ആദ്ധ്യാത്മിക ശക്തിയുടെ സിരാകേന്ദ്രമായ ഭാരതത്തിന്റെ ദേശീയ പതാകയിൽ ധർമ്മചക്രമാണുള്ളത്. ഭാരത സംസ്ക്കാരം ലോകത്തിൽ ഏതു സംസ്ക്കാരത്തേക്കാളും ആദിമവും പുരാതനവും അനന്തവും അജയ്യവും ആയതുകൊണ്ട് അതിനെ സനാതനമെന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഭാരതത്തിന്റെ സനാതനത്വവും മതസഹിഷ്ണയുമാണതിന്റെ വിശേഷത സനാതന ധർമ്മത്തെക്കുറിച്ച് ഓരോ ഭാരതീയനും അറിഞ്ഞിരിക്കണം. സനാതന ധർമ്മത്തേയും, ആചാര്യനേയും പ്രമാണഗ്രന്ഥത്തേയും അംഗീകരിക്കുകയും അറിഞ്ഞാചരിക്കുകയും ചെയ്യേണ്ടത് ഭാരതത്തിന്റെ സ്വധർമ്മമാണ്. ജാതിമതഭാഷാവേഷവിധാനങ്ങളേതുമാകട്ടെ, ഭാരതത്തിൽ ജീവിക്കണമെങ്കിൽ അവൻ തന്റെ മാതൃഭൂമിയെക്കുറിച്ചും ആ മാതൃഭൂമിയുടെ മഹത്വത്തെപ്പറ്റിയും അടിസ്ഥാനപരമായ അറിവും കൂറും ഉള്ളവനായിരിക്കണം. മറ്റുള്ള രാഷ്ട്രങ്ങൾ അവരുടേതായ മതത്തിനും പ്രമാണ ഗ്രന്ഥങ്ങൾക്കും മഹാത്മാക്കൾക്കും പ്രാധാന്യം കൽപ്പിക്കുമ്പോൾ ഭാരതമാകട്ടെ മതേതരത്വത്തിന്റെ പേരിൽ സ്വന്തം മതത്തെ വിസ്മരിച്ചു കളഞ്ഞിരിക്കുന്നു. വൈദേശിക ആധിപത്യത്തിൽ നിന്നും വിമുക്തരായിട്ടും നമ്മുടെ മഹത്തായ പാരമ്പര്യം കാത്തു സൂക്ഷിക്കുവാൻ നാം ബോധപൂർവ്വമായ യാതൊരു സംരംഭങ്ങളും കൈക്കൊണ്ടിട്ടില്ല. സ്വാമി വിവേകാന്ദനെപ്പോലുള്ള ആദ്ധ്യാത്മിക വീരന്മാർ ആവിർഭവിച്ച് സിംഹക്കുട്ടികളെപ്പോലെ നമ്മളെ ചുണയുള്ളവരാക്കി തീർത്തതുകൊണ്ടാണ് ഇത്രയും വേഗം നമ്മുടെ നാട് സ്വതന്ത്രമായത്. രാഷ്ട്രീയമായിട്ടുള്ള സ്വാതന്ത്ര്യം മാത്രമല്ലാ– സർവ്വ ദു:ഖങ്ങളിൽ നിന്നുമുള്ള മോചനം – അഥവാ പരിപൂർണ്ണമായ മുക്താവസ്ഥ– സ്വതന്ത്രത പ്രാപിക്കൽ ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാൻ നിബോധത എന്നീ ഉപനിഷത്ത് മന്ത്രങ്ങൾ ഉച്ചൈസ്തരം ഉൽഘോഷിച്ചുകൊണ്ട് ആ വേദാന്തകേസരി ഭാരതത്തിന്റെ കീർത്തി ലോകമെങ്ങും പരത്തി. മതേതരത്വമാണ് നമ്മുടെ ആദർശം. ഈ മതേതരത്വമെന്തെന്ന് അർത്ഥശങ്കക്കിടവരാത്ത വണ്ണം ജനതയെ ബോധവാന്മാരാക്കേണ്ടതുണ്ട്. മതേതരത്വം ഇവിടെ നിലനിൽക്കണമെങ്കിൽ ആ മതേതരത്വത്തിന്നടിസ്ഥാനപരമായി നിലകൊള്ളുന്ന സനാതനമതത്തെക്കുറിച്ച് നാം സാമാന്യമെങ്കിലും ബോധമുള്ളവരായിരിക്കണം. കപിലമഹർഷിയുടെ ക്രോധാഗ്നിയിൽ ചാമ്പലായിത്തീർന്ന ബന്ധുക്കളെ ഉദ്ധരിക്കുന്നതിനുവേണ്ടി പണ്ടൊരിക്കൽ, ഭഗീരഥമഹാരാജാവ് തപസ്സുചെയ്ത് ഗംഗാദേവിയെപ്രസാദിപ്പിക്കവെ, സംപ്രീതയായ ആദേവി ഹിമാലയപർവ്വതത്തിൽ നദീരൂപത്തിൽ പതിച്ചു ഒഴകിത്തുടങ്ങി. ഗംഗയുടെ ഒരു കൈവഴി ഹിന്ദുക്കുഷ് പർവ്വതത്തിലൂടെ പശ്ചിമതീരത്തിലെത്തിച്ചേർന്ന് ഇന്ദു നദിയായി ത്തീർന്നു. ഈ ഇന്ദുനദി രൂപാന്തരപ്പെട്ട് സിന്ധു നദിയായി. ഭാരതത്തിന്റെ പശ്ചിമാതിർത്തിയിൽ നിന്നും പ്രവഹിക്കുന്ന സിന്ധു നദി മൂലം നമ്മുടെ നാടിന് ഹിന്ദുസ്ഥാനം എന്ന പേരുണ്ടായി. തപസ്സു ചെയ്ത് ഈശ്വരസാക്ഷാൽക്കാരം നേടിയ മഹർഷി മാരുടെ നാടാണ് ഭാരതം. 'ലോകാ; സമസ്താ സുഖിനോ ഭവന്തു' എന്നു പ്രാർത്ഥിക്കുന്ന മഹർഷീശ്വരന്മാരുടെ ആദ്ധ്യാത്മിക ചിന്താഗതികളുടെ സംഗ്രഹമായ വേദാന്തമാണ് സനാതനമതത്തിന്റെ അടിസ്ഥാനം.

മഹാഭാരതത്തിന്റെ മതം സനാതനധർമ്മവും, ആചാര്യൻ ശ്രീകൃഷ്ണഭഗവാനും, പ്രമാണഗ്രന്ഥം ശ്രീമദ്ഭഗവദ് ഗീതയുമാകുന്നു. ഭിന്ന രുചികളായ വിവിധതരം മനുഷ്യരുടെ അഭിരുചികൾക്കും ആശയാഭിലാഷങ്ങൾക്കുമിണങ്ങും വിധം യുഗഭേദമില്ലാതെ സഹിഷ്ണുതയുടെ സന്ദേശവുമായി വിലസുന്ന ധർമ്മസംഹിതയാണ് ഹിന്ദുമതത്തിന്നടിസ്ഥാനം. ബ്രാഹ്മണൻ, അബ്രാഹ്മണൻ, ക്രിസ്ത്യാനി, ഇസ്ളാം, ബൗദ്ധൻ, ജൈനസിക്കുവിഭാഗങ്ങൾ, ആസ്തികൻ, നാസ്തികൻ, വിപ്ലവകാരി, സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ്, തീവ്രവാദി എന്നീ ഇന്നറിയപ്പെട്ടതും ഇനി ഭാവിയിൽ ഏതു പേരിലോ ചിന്താഗതിയിലോ വരാനിരിക്കുന്നതുമായ ഭിന്നരുചികളായ സകല മനുഷ്യരേയും ഉൾക്കൊള്ളുന്ന അപാരമായ ഒരു പാരാവാരമാണ് ഹിന്ദുമതം. ഒരമ്മയുടെ മക്കൾ വ്യത്യസ്തചിന്താഗതിക്കാരായതുകൊണ്ട് അമ്മയുടെ മക്കളല്ലാതാകുന്നില്ലല്ലോ! പുറം പുശി മേനി പിടിപ്പിച്ച പുത്തൻ ചിന്താഗതികളുടെ ലഹരിയുള്ള മുദ്രാവാക്യങ്ങളാകുന്ന വിഷമദ്യം കഴിച്ച് ബുദ്ധി മയങ്ങിക്കഴിയുന്നവർ മാതൃത്വത്തേയും പാരമ്പര്യത്തേയും മറക്കുന്നത് സ്വാഭാവികമാണ്.

bharatha-matham2.jpg

ദേശീയഭാഷ, മൃഗം, വൃക്ഷം, പക്ഷി, പതാക, പിതാവ്, മാതാവ് എന്നിവയെല്ലാം അംഗീകരിക്കുന്ന നമുക്ക് മതം മാത്രം ഇല്ലാതെ വന്നതെന്തുകൊണ്ട്? ദേശീയ മതം സനാതനധർമ്മമായ ഹിന്ദുമതമാണ്. മതം വർഗ്ഗീയതയല്ല, അതു ദേശീയതയുടെ സംസ്ക്കാരത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ്. നമുക്കു നമ്മെ കാണിച്ചു തരുന്ന ആ കണ്ണാടി പൊടി തുടച്ച് വൃത്തിയാക്കുകയേ വേണ്ടൂ! നമ്മുടെ മതത്തെ നാം അവഗണിച്ചപ്പോൾ നാം അധഃപ്പതിച്ചു. മതം അനുശാസിക്കുന്ന ധർമ്മത്തെ ഉദ്ധരിക്കുവാനായി ഈശ്വരൻ യുഗം തോറും ജന്മമെടുക്കുന്നു. എല്ലാവരും ഒരു ദൈവത്തിന്റെ മക്കൾ. അധർമ്മത്തെ ശാസിക്കുകയും ധർമ്മത്തെ രക്ഷിക്കുകയുമാണ് അവതാരപുരുഷന്മാരുടെ ധർമ്മം. ധർമ്മത്തെ കുലദൈവമായംഗീകരിക്കുന്ന ഭാരതം അതിന്റെ ദേശീയമതമായി സനാതനധർമ്മത്തെ അംഗീകരിക്കുന്നത് ഒരിക്കലും ഭരണഘടന അനുശാസിക്കുന്ന മതേതരത്വത്തിന്നെതിരാകുകയില്ല- യഥാർത്ഥത്തിൽ മറ്റെങ്ങുമില്ലാത്ത മതേതരത്വം എന്ന മഹത്തായ ആദർശം ഭാരതത്തിൽ നിലനിൽക്കണമെങ്കിൽ ആർക്കും ഏതു മതവിശ്വാസവും സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകുന്ന "ലോകാ സമസ്താ സുഖിനോഭവന്തു" 'ധർമ്മോ/ സ്മത് കുലദൈവതം" എന്നീ അടിസ്ഥാന പ്രമാണങ്ങളുള്ള ഹിന്ദുമതത്തെ ദേശീയമതമായി അംഗീകരിക്കുകയാണ് വേണ്ടത്. അല്ലാതെ തങ്ങളുടെ മാത്രം സത്യമതമെന്നു പ്രചരിപ്പിക്കുന്ന- മനുഷ്യനെ പരസ്പരം ഭിന്നിപ്പിക്കുന്ന - വിഭാഗീയ ചിന്താഗതികൾ ഉൾക്കൊള്ളുന്ന വിശ്വാസപ്രമാണങ്ങൾ ഈ മണ്ണിൽ സ്വതന്ത്രമായി വളരാൻ അനുവദിച്ചാൽ കാലാന്തരത്തിൽ അവ വളർന്നു വലുതായി മതേതരത്വത്തെ നശിപ്പിച്ച് ഇതരമതവിശ്വാസങ്ങളോ ചിന്താഗതികളോ വേരോടാൻ അനുവദിക്കാത്ത സ്വേച്ഛാധിപത്യം ഭാരതത്തെ വീണ്ടും പാരതന്ത്ര്യത്തിലാഴ്ത്തും. സദ്ഫലങ്ങൾ വളരുവാൻ ബുദ്ധിമുട്ടി നിലമുഴുതു വളം ചേർത്ത് നല്ല വിത്തു വിതച്ച് സംരക്ഷിക്കുകയാണു വേണ്ടത്. അല്ലെങ്കിൽ അവിടെ താനേ സമൃദ്ധിയായി വളരുന്ന കളകളുടെ കാടുകളുയരുകയും ആ കാടുകളിൽ ദുഷ്ടമൃഗങ്ങൾ പെരുകി. അവയുടെ ആക്രമണത്താൽ നാം നാമാവശേഷമാകുകയും ചെയ്യും.

"യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർ ഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം
(ഗീത - 4-7)
പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ"
(ഗീത - 4-8)

ഭൂമിയിൽ അധർമ്മം പെരുകുമ്പോൾ അതിനെ നാശിപ്പിച്ചു, ധർമ്മം നിലനിർത്തുവാൻ യുഗം തോറും ദൈവം ജന്മമെടുക്കുന്നു. ഈശ്വരസ്വരൂപിയായ ശ്രീകൃഷ്ണഭഗവാനെ ഭാരതത്തിന്റെ ആചാര്യനായി അംഗീകരിക്കേണ്ടതും പൂജിക്കേണ്ടതും നമ്മുടെ സ്വധർമ്മമാണ്. വേദവ്യാസമുനി രചിച്ച മഹാഭാരതത്തിലെ കഥാപുരുഷൻ ഈശ്വരൻ മനുഷ്യവിഗ്രഹം പൂണ്ട ശ്രീകൃഷ്ണഭഗവാനാണ്. ജീവിത സമരത്തിൽ കർത്തവ്യമെന്തന്നറിയാതെ വിഷമിച്ചു നിൽക്കുന്ന മനുഷ്യനെ, ജ്ഞാനോപദേശത്താൽ കർത്തവ്യ നിർവ്വഹണത്തിനു ശക്തമാക്കുവാൻ ഈശ്വര ശക്തിക്കു മാത്രമെ കഴിയൂ! വിഷമാവസ്ഥയിൽ മനുഷ്യൻ വിനയാന്വിതനായി ദൈവത്തെ ശരണം പ്രാപിക്കുമ്പോൾ അവന് ആത്മബോധം അരുളി നേർവഴിക്കു നയിക്കുന്ന ജ്ഞാനശക്തിയാണീശ്വരൻ. ഗീതയിലൂടെ അർജ്ജുനനുപദേശിക്കുന്ന ദിവ്യമായ ബ്രഹ്മജ്ഞാനം ജീവിത വിജയം ആഗ്രഹിക്കുന്ന ഏതു മനുഷ്യനും പ്രാവർത്തികമാക്കാവുന്ന മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയതാണ്. വിശ്വാസ പ്രമാണങ്ങളോ, ആചാരസംഹിതകളോ വ്യത്യസ്തമായിക്കൊള്ളട്ടെ. ഗീതാജ്ഞാനം സ്വന്തം ജീവിതം അറിഞ്ഞനുഷ്ഠിക്കുന്ന ഏതൊരുവനും പുരോഗതി നേടുവാൻ കഴിയും. ഗൃഹസ്ഥാശ്രമത്തിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് ഈശ്വരമാർഗ്ഗത്തിൽ അറിവുനേടുന്നതിന് ബ്രഹ്മചര്യം അത്യന്താപേക്ഷിതമാണ്. ബ്രഹ്മചര്യം എന്നത് ഈശ്വരമാർഗ്ഗത്തിലൂടെ ചരിക്കുന്നതിനുള്ള അറിവു നേടലാണ്. അവകാശങ്ങൾക്കുവേണ്ടി നിരന്തരം സമരം ചെയ്യുന്നവർ ഭഗവത്ഗീതയുടെ ആശ

യത്തെ അറിയാതെ പിന്തുടരുന്നവരാണ്. അറിഞ്ഞു സേവിച്ചെന്നാൽ ആനന്ദമൂർത്തിയായനുഭവപ്പെടുന്ന സത്യസ്വരൂപിയാണീശ്വരൻ. ആത്മജ്ഞാനം സമ്പാദിച്ച് സത്യത്തിന്റെ മാർഗ്ഗത്തിലൂടെ ചരിക്കുന്നവനു മാത്രമെ ശാന്തിയും സമാധാനവും ഐശ്വര്യവും ജീവിത വിജയവും കൈവരികയുള്ളൂ. ആത്മജ്ഞാനവും ഭൗതിക ജ്ഞാനവും ജീവിതമാകുന്ന പക്ഷിയുടെ രണ്ടു ചിറകുകളാണ്. പറന്നുയരുവാൻ രണ്ടു ചിറകുകളും വേണം.

"ആത്മവൽ സർവ്വ ഭൂതാനി
പരദ്രവ്യാണിലോഷ്ടവൽ
മാതൃവൽപരദാരാംച
യ:പശ്യതി സ:പശ്യതി"

സർവ്വഭൂതങ്ങളേയും തന്നേപ്പോലെയും പരദ്രവ്യത്തെ മണ്ണിനു സമമായും പരദാരത്തെ മാതാവിനെപ്പോലെയും ദർശിക്കാൻ പഠിപ്പിക്കുന്ന ഭഗവദ്ഗീതാ സന്ദേശമല്ലാതെ ഭാരതത്തിന്റെ ദേശീയഗ്രന്ഥമായംഗീകരിക്കാൻ പോരുന്ന മറ്റൊരു ഗ്രന്ഥമില്ല.

എത്രയും വേഗം ഭാരതം അതിന്റെ ദേശീയമതമായി സനാതനധർമ്മത്തേയും ആചാര്യനായി ശ്രീകൃഷ്ണനേയും പ്രമാണഗ്രന്ഥമായി ഭഗവദ്ഗീതയേയും അംഗീകരിക്കുന്നുവോ, അത്രയും ഭാരതത്തിന്നും ലോകത്തിന്നും നല്ലത്. നമ്മുടെ നാടു നന്നാക്കാൻ ആഗ്രഹിക്കുന്ന ജനങ്ങളും, ആത്മാഭിമാനമുള്ള ഭരണാധികാരികളും ഈ വഴിക്കു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിർമ്മതന്മാരുടെ എതിർപ്പുകളെ ചെറുത്തുതോൽപ്പിക്കുവാനുള്ള ജ്ഞാനശക്തി ഭാരതത്തിനുണ്ട്. വൻതോതിൽ സ്വതന്ത്രമായി ബന്ദുകൾ, സമരങ്ങൾ, മതപ്രചരണം, വിദ്യാഭ്യാസം, ആതുരസേവ, ധനസഹായപദ്ധതികൾ എന്നിവയാൽ വ്യാമോഹിപ്പിച്ച്, സ്വർഗ്ഗരാജ്യമെന്നു പറഞ്ഞ് ജനങ്ങളെ തങ്ങളുടെ മാർഗ്ഗത്തിലേക്കു മാടിവിളിക്കുന്ന വിദേശമതാവലംബികളേയും, താന്തോന്നികളായ നേതാക്കന്മാരേയും നിയന്ത്രിക്കാനാവില്ലെങ്കിൽ ഭാരതത്തിന്റെ സ്വാതന്ത്ര്യം അപകടത്തിലാവും. അത്തരം ഒരുദു:സ്ഥിതി വന്നുചേരാതെ വിപ്ലവത്തിന്റെ വിത്തുകൾ വിതച്ച് അക്രമങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അസുരശക്തികളിൽ നിന്നും ഭാരതത്തേയും ലോകത്തേയും രക്ഷിക്കുവാൻ ലോകസംരക്ഷകനായ ശ്രീകൃഷ്ണഭഗവാൻ വേഗം ഭൂമിയിൽ വരേണമേ എന്ന പ്രാർത്ഥനയോടു കൂടി വിരമിക്കുന്നു.

**ലഹരി വിമോചനം ഉൾപ്പെടെ മന്ത്ര-തന്ത്ര ജ്യോതിഷ ശാസ്ത്രങ്ങൾക്കപ്പുറം ശ്രീഗുരുകാരുണ്യത്താൽ ജ്യോതിഷാനാം ജ്യോതിസ്സായ ദൈവീക ചിന്തനത്തിലൂടെ ജീവിത പ്രശ്നങ്ങൾക്കെല്ലാം പരിഹാരം അരുളുന്നു.**

**ശ്രീമഹാഭക്തയോഗി സ്വാമി ഗുരുപ്രസാദ്**
**മഠാധിപതി ഭക്താശ്രമം**
**പെരുമ്പടന്ന, എൻ. പറവൂർ 683513, എറണാകുളം ജില്ല, കേരളം**
**മൊബൈൽ : [illegible] ,9847650252 www.bhaktashramam.org/E.Brochure**
**E.mail.bhaktashramam@ymail.com**

**"എന്നെ പരീക്ഷിച്ച് വിശ്വസിക്കുക,**
**അനുഭവപ്പെടുത്തിയതിനു ശേഷം**
**എന്നെയും ദൂരെ തള്ളുക**
**അനുഭവം തന്നെ സർവ്വശ്രേഷ്ഠം"**
**(വേദപ്രാമാണ്യം)**